	കോഴ്സ്	ഫീസ് നിരക്ക് (രൂപ)
1.	എഞ്ചിനീയറിംഗ്	38,700
2.	എം.ബി.ബി.എസ്.	1,13,000
3.	ബി.ഡി.എസ്.	76,000
4.	ബി.എ.എം.എസ്.	45,500
5.	ബി.എസ്.എം.എസ്.	40,500
6.	ബി.എസ്.സി. നഴ്സിംഗ്	49,400
7.	ബി.ഫാം.	35,000

ഇതുകൂടാതെ 10,000 രൂപയിൽ കവിയാത്ത തുക കോഷൻ ഡിപ്പോസിറ്റായി നൽകേണ്ടതാണ്. 2004-05 അക്കാഡമിക് വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള ഫീസ് ആയിരിക്കുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ 15-9-2004-ലെ സർക്കാർ ഉത്തരവ് ജി. ഒ.(എംഎസ്.) നമ്പർ 116/2004 ഉ.വി.വ. പ്രകാരം ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്.സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ സർക്കാർ മേഖലയിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ 2004-05 വർഷം അഡ്മിഷൻ ലഭിച്ച ഒരു ലക്ഷം രൂപയിൽ താഴെ വരുമാനം വരുന്ന കേരളീയരായ കുടുംബങ്ങളിലെ കുട്ടികൾ സർക്കാർ കോളേജുകളിലെ മെറിറ്റ് സീറ്റിൽ പെടുന്ന കുട്ടികൾ നൽകുന്ന ഫീസ് നൽകിയാൽ മതിയാകുമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല.

സ്വാശ്രയ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

20 [*137] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. കെ. മുഹമ്മദാലി:

,, എൻ. ഡി. അപ്പച്ചൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ എവിടെയെല്ലാമാണ് സ്ഥാപിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ, ബി & സി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ, 2005-2006 വർഷത്തിൽ, എം.ബി.എ. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 10 വിദ്യാഭ്യാസ ഏജൻസികൾക്ക് സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.† ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും ഈ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുവാദം നൽകുന്നത്.

സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ ആവശ്യകതയെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അടുത്ത അദ്ധ്യയനവർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല.

സംസ്ഥാനത്ത് ഇനി ബി.എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകുന്നതിന് മുമ്പ്, വിദഗ്ദ്ധരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നതിനുള്ള ശുപാർശകൾ സർവ്വകലാശാലകൾ സമർപ്പിക്കുന്ന അവസരത്തിൽ മാത്രമേ, ഇത് സംബന്ധിച്ച തീരുമാനം എടുക്കുകയുള്ളൂ.

2005-2006/2006-2007 വർഷങ്ങളിലേക്കായി, 6 ഫാർമസി കോളേജുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു.† മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ 6 സ്വകാര്യ മാനേജ്മെന്റുകൾക്കും, ഡെന്റൽ കോളേജുകൾ ആരംഭിക്കുവാൻ 2 സ്വകാര്യ മാനേജ്മെന്റുകൾക്കും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇവ കൂടാതെ ഡെന്റൽ കോളേജുകൾ ആരംഭിക്കുവാൻ 14 സ്വകാര്യസ്ഥാപനങ്ങൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുവാൻ തീരുമാനം എടുത്തുകഴിഞ്ഞു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.† അടുത്ത അദ്ധ്യയനവർഷം നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുമതി നൽകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രവും കൃതികളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

21 [*138] ഡോ. കെ. സി. ജോസഫ് :

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം II, IIA, IIB

LIBRARY ARCHIVES Kerala Legislative Assembly